"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 23-04-2020

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

## സർക്കുലർ നം 33

സർക്കാരിൻറെയും ബഹു. ഹൈക്കോടതിയുടെയും ഉത്തരവുകളനുസരിച്ച് അന്തേവാസികളെ വിട്ടയയ്ക്കുകയും ജയിലിനുള്ളിലേക്ക് വരുന്നവരുടെ എണ്ണം കുറയ്ക്കുകയും വരുന്നവരെ നന്നായി നിരീക്ഷിക്കുകയും ചെയ്യുതിലൂടെ ജയിലുകൾ പരിപൂർണ്ണമായി കൊറോണ നിരോധിതമായി നിലനിർത്താൻ ജയിൽ വകുപ്പിന് സാധിച്ചിട്ടുണ്ട്. നിലവിൽ കേരളത്തിലെ ഒരു സ്ഥാപനങ്ങളിലും ഈ രോഗ ഭീഷണിയില്ല. എന്നാൽ കൊറോണ വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ കേരളത്തിലെ ജയിലുകളിൽ നിന്നും ഇടക്കാല ജാമ്യവും , സ്പെഷ്യൽ പരോളും പ്രകാരം വിടുതൽ ചെയ്ത 1500 ഓളം തടവുകാരെ ലോക്ക്ഡൗൺ തീരുന്ന മുറയ്ക്ക് തിരികെ ജയിലുകളിൽ പ്രവേശിപ്പിക്കുമ്പോൾ ജയിൽ സ്ഥാപനങ്ങളുടെ ജാഗ്രത വർദ്ധിച്ച തരത്തിൽ നിലനിർത്തുകയും അതിനാവശ്യമായ മുന്നൊരുക്കങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഈ ഘട്ടത്തിലാണ് നാം കൂടുതൽ പ്രവർത്തന ക്ഷമതയും കർത്തവ്യ ബോധവും സൂക്ഷ്മ നിരീക്ഷണവും നടത്തേണ്ടത്. ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ എല്ലാ ജയിൽ സ്ഥാപന മേധാവികളും കർശനമായി പാലിക്കേണ്ടതാണ്

### I ഭരണപരമായ നിർദ്ദേശങ്ങൾ

1) തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിൽ, ആറ്റിങ്ങൽ സബ് ജയിൽ, ആലുവ സബ് ജയിൽ, ബോർസ്റ്റൽ സ്കൂൾ എറണാകുളം , വിയ്യൂർ സബ് ജയിൽ, പൊൻകുന്നം സ്പെഷ്യൽ സബ് ജയിൽ ,കോഴിക്കോട് സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ ജില്ലാ ജയിൽ, കൊയിലാണ്ടി സബ് ജയിൽ, പെരിന്തൽമണ്ണ സബ് ജയിൽ എന്നീ ജയിലുകൾ ലോക്ക് ഡൗൺ തീരുന്ന മുറയ്ക്ക് പൂർണ്ണ ക്വാറൻ്റൈൻ ജയിലുകളായി പ്രവർത്തിക്കേണ്ടതാണ്.

2 ) കണ്ണൂർ സ്പെഷ്യൽ സബ് ജയിൽ ഐസോലേഷന് വേണ്ടി സജ്ജമാക്കിയിട്ടുള്ളതിനാൽ 150 ഓളം തടവുകാരെ പാർപ്പിക്കാനുള്ള ശേഷി ഈ ജയിലിലുണ്ടെന്നതിനാൽ 250 ഓളം തടവുകാരെ പാർപ്പിക്കാൻ ശേഷിയുള്ള കണ്ണൂർ ജില്ലാ ജയിലിലെ നിലവിലെ തടവുകാരെ ഒഴിപ്പിച്ച് കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും തിരികെ വരുന്ന തടവുകാരെ പാർപ്പിക്കുന്നതിന് വേണ്ടി ഐസോലേഷൻ ജയിൽ ആയി ഉപയോഗിക്കേണ്ടതാണ്.

3) തിരുവനന്തപുരം സെൻട്രൽ ജയിൽ/ തിരുവനന്തപുരം ജില്ലാ ജയിൽ/തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിൽ / നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിൽ / കൊല്ലം ജില്ലാ ജയിൽ എന്നിവിടങ്ങളിൽ തിരികെ പ്രവേശിപ്പിക്കേണ്ട അന്തേവാസികളെ തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിൽ 14 ദിവസം പാർപ്പിക്കേണ്ടതാണ് . ടി ജയിലിലെ പ്രതികളെ തിരുവനന്തപുരം സെൻട്രൽ ജയിലിൽ മാറ്റി പാർപ്പിക്കേണ്ടതാണ്.

4) കൊട്ടാരക്കര സ്പെഷ്യൽ സബ് ജയിൽ , ആറ്റിങ്ങൽ സബ് ജയിൽ എന്നിവിടങ്ങളിൽ തിരികെ പ്രവേശിപ്പിക്കപ്പെടുന്ന പ്രതികളെ ആറ്റിങ്ങൽ സബ് ജയിലിൽ ക്വാറൻ്റൈനിൽ

പാർപ്പിക്കേണ്ടതാണ്. ആറ്റിങ്ങൽ സബ് ജയിലിലെ നിലവിലെ പ്രതികളെ കൊല്ലം ജില്ലാ ജയിലിലേക്ക് മാറ്റി പാർപ്പിക്കേണ്ടതാണ്

5) ആലപ്പുഴ, എറണാകുളം ജില്ലകളിലെ ജയിലുകളിൽ തിരികെ പ്രവേശിപ്പിക്കേണ്ട അന്തേവാസികളെ ബോർസ്റ്റൽ സ്കൂൾ , എറണാകുളം/ സബ് ജയിൽ ആലുവ എന്നീ ജയിലുകളിൽ പാർപ്പിക്കേണ്ടതാണ്.

6)അതീവ സുരക്ഷാ ജയിലിൽ നിന്ന് വിടുതൽ ചെയ്ത തടവുകാരെ തിരികെ പ്രവേശിപ്പിക്കുമ്പോൾ ആ ജയിലിൽ തന്നെ ഐസോലേഷനിൽ പാർപ്പിക്കേണ്ടതാണ്.

7) കോട്ടയം, ഇടുക്കി ജില്ലകളിലെ ജയിലുകളിൽ തിരികെ പ്രവേശിപ്പിക്കേണ്ട അന്തേവാസികളെ സ്പെഷ്യൽ സബ് ജയിൽ പൊൻകുന്നം പാർപ്പിക്കേണ്ടതാണ്.

8) വനിതാ ജയിൽ , സെൻട്രൽ ജയിൽ തൃശ്ശൂർ ഒഴികെയുള്ള തൃശ്ശൂർ ജില്ലയിലെ ജയിലുകളിൽ തിരികെ പ്രവേശിപ്പിക്കേണ്ട അന്തേവാസികളെ സബ് ജയിൽ തൃശ്ശൂരിൽ പാർപ്പിക്കേണ്ടതാണ്.

9) വ്യൂർ സെൻട്രൽ ജയിലിലെ വിടുതൽ ചെയ്ത തടവുകാരെ തിരികെ പ്രവേശിപ്പിക്കുന്ന മുറയ്ക്ക് ടി ജയിലിൽ തന്നെ ഐസോലേഷനിൽ പാർപ്പിക്കേണ്ടതാണ്

10) വയനാട്, കോഴിക്കോട് ജില്ലകളിലെ ജയിലുകളിൽ തിരികെ പ്രവേശിപ്പിക്കേണ്ട അന്തേവാസികളെ കോഴിക്കോട് സ്പെഷ്യൽ സബ് ജയിലിലും കൊയിലാണ്ടി സബ് ജയിലിലും പാർപ്പിക്കേണ്ടതാണ്.

11) മലപ്പുറം, പാലക്കാട് ജില്ലകളിലെ ജയിലുകളിൽ തിരികെ പ്രവേശിപ്പിക്കേണ്ട അന്തേവാസികളെ പെരിന്തൽമണ്ണ സബ് ജയിലിൽ പാർപ്പിക്കേണ്ടതാണ്.

12) വനിതാ ജയിൽ ഒഴികെയുള്ള കണ്ണൂർ ജില്ലയിലെയും തുറന്ന ജയിൽ ഒഴികെയുള്ള കാസർകോട് ജില്ലയിലെയും ജയിലുകളിൽ തിരികെ പ്രവേശിപ്പിക്കേണ്ട അന്തേവാസികളെ കണ്ണൂർ സ്പെഷ്യൽ സബ് ജയിലിൽ പാർപ്പിക്കേണ്ടതാണ്.

13) ചീമേനി തുറന്ന ജയിലിൽ തിരികെ പ്രവേശിപ്പിക്കേണ്ട അന്തേവാസികളെ ക്വാറൻ്റൈനായി പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള ടി ജയിലിലെ ബ്ലോക്കിൽ 14 ദിവസം മാറ്റി പാർപ്പിക്കേണ്ടതാണ്.

14) തിരുവനന്തപുരം തുറന്ന ജയിലിൽ നിലവിലുള്ള അന്തേവാസികളെ തേവൻകോട് അനക്സിൽ മാറ്റി പാർപ്പിക്കേണ്ടതും ജയിലിൽ തിരികെ പ്രവേശിപ്പിക്കേണ്ട നെട്ടുകാൽത്തേരി, തേവൻകോട് അന്തേവാസികളെ നെട്ടുകാൽത്തേരിയിലെ ബ്ലോക്കുകളിൽ ക്വാറൻറൈനിൽ പാർപ്പിക്കേണ്ടതാണ്. സ്ഥലപരിമിതി പരിഹരിക്കുന്നതിനായി സിക്ക ഓഫീസ് കെട്ടിടം കൂടി പ്രയോജനപ്പെടുത്താവുന്നതാണ്. കുറച്ചു പ്രതികളെ തിരുവനന്തപുരം ജില്ലാ ജയിലിലെ ഒരു നിലയിൽ ഐസോലേഷൻ ചെയ്യാവുന്നതാണ്

15) ക്വാറൻ്റൈൻ ജയിലുകളായി പ്രവർത്തിക്കുന്ന ജയിലുകളിൽ തടവുകാരെ പ്രവേശിപ്പിക്കുമ്പോൾ മെഡിക്കൽ ഓഫീസറുടെ സേവനത്തോടെ ഹെൽത്ത് സ്ക്രീനിംഗ് ഉറപ്പാക്കേണ്ടതാണ്. ഇതിനായി ജയിൽ വകുപ്പിലെ മെഡിക്കൽ - പാരാ മെഡിക്കൽ സ്റ്റാഫിനെ ചാർജ്ജ് തീരുമാനിച്ച് ഉത്തരവാദപ്പെടുത്തേണ്ടതാണ്.

16) തടവുകാരെ ജയിലുകളിൽ തിരികെ പ്രവേശിപ്പിക്കുമ്പോൾ 06.04.2020 തീയതിയിലെ ജയിൽ ആസ്ഥാനകാര്യാലയത്തിലെ ജി 2 -7653/2020 കത്ത് പ്രകാരം അയച്ചുതന്നിട്ടുള്ള WHO യുടെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് സൂപ്രണ്ടുമാർ ശ്രദ്ധിക്കേണ്ടതാണ്. 14 ദിവസത്തെ ക്വാറൻറൈൻ ഒരു കാരണവശാലും ഇളവു വരുത്തുകയോ ലഘൂകരിക്കുകയോ ചെയ്യാതിരിക്കാൻ പ്രത്യേകം നിഷ്കർഷിക്കണം. ക്വാറൻറൈനിൽ പാർപ്പിക്കുന്ന അന്തേവാസികളുടെ ഭക്ഷണ വിതരണം , ദിനചര്യകൾ എന്നിവ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടായിരിക്കണം.

17) ക്വാറൻ്റീൻ ജയിലുകളായി പ്രവർത്തിക്കുന്ന ജയിലുകളിലെ പാചകമുൾപ്പെടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾക്കായി ആവശ്യമെങ്കിൽ ഇപ്പോൾ പാർപ്പിച്ചു വരുന്ന അന്തേവാസികളിൽനിന്നും ഏറ്റവും കുറഞ്ഞ എണ്ണം നിലനിർത്താവുന്നതാണ്. ക്വാറൻറൈൻ ജയിലുകളായി മാറ്റുമ്പോൾ ആരോഗ്യ വകുപ്പുമായി ആലോചിച്ച് ആവശ്യമായ ഉപദേശ സഹായങ്ങൾ തേടേണ്ടതാണ്.

18) പരോളിലും/ ജാമ്യത്തിലുമുള്ള തടവുകാർ മടങ്ങി വരുമ്പോൾ ഇതിനാവശ്യമായ ക്രമീകരണങ്ങൾ മേഖലാടിസ്ഥാനത്തിൽ മേഖലാ ഡി.ഐ.ജി മാരുടെയും / സീനിയർ ഉദ്യോഗസ്ഥരുടേയും നേതൃത്വത്തിൽ കൃത്യമായി ആവിഷ്കരിച്ച് നടപ്പിൽ വരുത്തേണ്ടതാണ്. മടങ്ങി വരാനുള്ള തടവുകാരുടെ എണ്ണം സംബന്ധിച്ച് ഓരോ ജയിലുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് അതിനനുസൃതമായി വേണം നടപടികൾ സ്വീകരിക്കേണ്ടത്.

19) ക്വാറൻറൈൻ ജയിലുകളായി നിശ്ചയിച്ചിരിക്കുന്ന ജയിലുകളിൽ ആവശ്യമായ ക്രമീകരണങ്ങൾ / **തടവുകാരുടെ മാറ്റം** നടത്തുന്നതിന് മേഖലാ ഡി.ഐ.ജി മാർ മുൻകൂട്ടി നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരളത്തിന് അകത്തും നിന്നു വന്നവരേയും , പുറത്ത് നിന്ന് വന്നവരേയും പ്രത്യേകം ബ്ലോക്കുകളിൽ പാർപ്പിക്കുക

പൊതുവായ ടോയലറ്റ് ഉപയോഗിക്കേണ്ടി വരുന്ന തടവുകാർക്ക് ഓരോ ആളിൻ്റെയും ഉപയോഗശേഷം അണുവിമുക്തമാക്കുന്നതിനുള്ള ഉപാധികൾ സ്വീകരിക്കുക.

20) ക്വാറൻറൈൻ പിരീഡിൽ ക്വാറൻറൈനിൽ പാർപ്പിച്ചിട്ടുള്ള തടവുകാർക്ക് അധികമായി ഒരു ജോഡി വസ്ത്രവും 2 സോപ്പും കൂടുതലായി അനുവദിക്കാവുന്നതാണ്.

ക്വാറൻറൈൻ കാലഘട്ടത്തിനു ശേഷം തടവുകാർ ഉപയോഗിച്ചിരുന്ന വസ്ത്രങ്ങളും കിടക്ക സാധനങ്ങളും അണുവിമുക്തമാക്കേണ്ടതാണ്

21) ക്വാറൻറൈനിൽ പാർപ്പിച്ചിരിക്കുന്ന തടവുകാർക്ക് മറ്റ് തടവുകാർ ഉപയോഗിക്കുന്ന പത്രങ്ങൾ/ പുസ്തകങ്ങൾ ഉപയോഗിക്കാൻ അനുവദിക്കാൻ പാടില്ലാത്തതും ടി കാലയളവിൽ പത്രം അത്യാവശ്യം വേണ്ടുന്ന തടവുകാർക്ക് അവരവരുടെ ചെലവിൽ പങ്കു വയ്ക്കാത്ത തരത്തിൽ പത്രം വരുത്താൻ അനുവാദം നൽകാവുന്നതാണ്

22) പരോൾ കഴിഞ്ഞ് തിരികെ വരുന്നവരെ 14 ദിവസത്തെ കർശന നിരീക്ഷണത്തിൽ വയ്ക്കുക, ഈ ദിനങ്ങളിൽ അവരെ പുറം പണിക്ക് വിന്യസിക്കരുത്. അപകടകരമെന്ന് ആരോഗ്യവകുപ്പ് പ്രഖ്യാപിച്ച സ്ഥലങ്ങളിൽ നിന്നും ഉള്ളവർക്ക് 28 ദിവസം വരെ ക്വാറൻറൈൻ നിശ്ചയിക്കാവുന്നതാണ്.

23) ക്വാറൻറൈൻ നിരീക്ഷണം കഴിഞ്ഞ് ആവശ്യമായ മെഡിക്കൽ പരിശോധനയ്ക്ക് മെഡിക്കൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ് സഹിതം വേണം അതാത് ജയിലുകളിലേക്ക് അന്തേവാസികളെ മടക്കി അയയ്ക്കേണ്ടതാണ്.

24) ക്വാറൻറൈൻ അഡ്മിഷൻ സംബന്ധിച്ച് വ്യക്തമായ രജിസ്റ്ററുകളും രേഖകളും പരിശോധനക്കായി കൃത്യമായി ക്രമീകരിക്കേണ്ടതാണ്.

25) ക്വാറൻറൈൻ ജയിലുകളിലെ ഡ്യൂട്ടി ക്രമം ഡ്യൂട്ടിയ്ക്കിടയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച് ജീവനക്കാർക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ഉദാഹരണത്തിന് ക്വാറൻറൈൻ പിരീഡിൽ ഒരേ വിഭാഗം ഡ്യൂട്ടിക്കാർക്ക് സ്ഥിരമായി ഡ്യൂട്ടി നൽകുകയും അത്രയും ദിവസം അവർക്ക് വിശ്രമം അനുവദിക്കുകയും ചെയ്യാം

## II ആരോഗ്യ സംബന്ധമായ പൊതുനിർദ്ദേശങ്ങൾ

1. പുനപ്രവേശിപ്പിക്കുന്നതും പുതുതായി പ്രവേശിപ്പിക്കുന്നതുമായ എല്ലാ തടവുകാരേയും പനിയോ ചുമയോ ജലദോഷം എന്നിവയുടെ ലക്ഷണങ്ങളുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്
2. ഐസോലേഷൻ പിരീഡ് 2 വിഭാഗമായി തരംതിരിക്കുക ഹൈറിസ്ക് ( 8 - 14 ദിവസങ്ങൾ), ലോ റിസ്ക് ( 1 - 8 ദിവസങ്ങൾ )
3. ഐസോലേഷനിൽ പാർപ്പിക്കുന്ന തടവുകാരുടെ സെല്ലിന് പുറത്തായി അവരെ പുനപ്രവേശിപ്പിച്ച തീയതി എഴുതി സൂക്ഷിക്കേണ്ടതാണ്
4. ഹൈറിസ്ക് തടവുകാരെ പാർപ്പിച്ചിരിക്കുന്ന ബ്ലോക്കുകളിൽ ഉദ്യോഗസ്ഥരെ പ്രത്യേകം നിയോഗിക്കേണ്ടതാണ്
5. പ്രായാധിക്യമുള്ളവർ / മാനസിക വിഭ്രാന്തിയുള്ള തടവുകാർ എന്നിവരെ

മാറ്റിപ്പാർപ്പിക്കേണ്ടതാണ്.

6. തടവുകാരുടെ കൂടികാഴ്ച എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് കൊണ്ട് വേണം നടത്തേണ്ടത്

7. ഹൈറിസ്ക് വിഭാഗത്തിലുള്ള തടവുകാരെ പുറമേയുള്ള ഹോസ്പിറ്റലിൽ കൊണ്ടു പോകുന്ന പക്ഷം അവരുടെ ഐസോലേഷൻ / ക്വാറൻറൈൻ ദീർഘിപ്പിക്കേണ്ടതാണ്.

8. ഐസോലേഷനിൽ പാർപ്പിച്ചിരിക്കുന്ന എല്ലാ തടവുകാർക്കും മാസ്ക് വിതരണം ചെയ്യേണ്ടതും, ഉപയോഗിക്കുന്ന രീതി ലഘുവിവരണമായി നൽകുകയും വേണം 2 മണിക്കൂർ ഇടവിട്ട് സാനിറ്റൈസർ ഉപയോഗിച്ച് കൈ ശുദ്ധീകരിക്കേണ്ടതുമാണ്. ടൂത്ത് പേസ്റ്റ്, ബക്കറ്റ് എന്നിവയും പ്രത്യേകം നൽകണം.

9. സെല്ലിനകവും ചുമരും ആഴ്ചയിലൊരിക്കൽ അണുനാശിനി ഉപയോഗിച്ച് ശുദ്ധീകരിക്കേണ്ടതാണ്. വരാന്ത എല്ലാ ദിവസവും അണുവിമുക്തമാക്കണം

10. തുറന്ന സ്ഥലത്ത് തുപ്പുന്നത് നിരോധിക്കണം.

11. ഫുഡ് മേക്കിംഗ് യൂണിറ്റുകളിൽ ജോലി ചെയ്യുന്ന തടവുകാർക്ക് ഏതെങ്കിലും രീതിയിലുള്ള അസുഖങ്ങൾ ഉണ്ടോയെന്ന് പ്രത്യേകം നിരീക്ഷിക്കേണ്ടതാണ്

12. മേസ്തിരി/ കൺവിക്റ്റ് സൂപ്പർവൈസർമാരെ ക്വാറൻറൈൻ തടവുകാരുടേയും ഉദ്യോഗസ്ഥരുടേയും ഇടയിൽ മദ്ധ്യവർത്തികളായി ടി ആവശ്യങ്ങൾക്ക വേണ്ടി നിയോഗിക്കേണ്ടതാണ്

ക്വാറൻറൈൻ-ഐസോലേഷൻ സംബന്ധമായ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ മെയ് ആദ്യ വാരം ഒന്നാം ഘട്ടമായും മെയ് അവസാന വാരം ജൂൺ ആദ്യവാരം രണ്ടാം ഘട്ടമായും നിർവ്വഹിക്കേണ്ടി വരുമെന്ന വിധത്തിലാണ് നടപടികൾ സ്വീകരിക്കേണ്ടത്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ് ആൻ്റ് കറക്ഷണൽ സർവ്വീസസ്
ദക്ഷിണ മേഖല/ മദ്ധ്യ മേഖല/ ഉത്തര മേഖല
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും